പൊതുമേഖലാ സ്ഥാപനങ്ങളുടെ അക്കൗണ്ടിംഗ്

172(2374) ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. ആർ . സെൽവരാജ് :
ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിൻ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ അക്കൗണ്ടിംഗ് സമയബന്ധിതമായി തീർക്കുന്നതിന് കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതിവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ&ബി) ഉണ്ട്. വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ യഥാർത്ഥ സാമ്പത്തിക സ്ഥിതി അറിയുന്നതിനായി കണക്കുകൾ യഥാസമയം പൂർത്തിയാക്കി ആഡിറ്റ് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള പ്രത്യേക കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. സ്റ്റാറ്റ്യൂട്ടറി ആഡിറ്റ് സമയബന്ധിതമായി തീർക്കുന്നതിന്റെ ഭാഗമായി ആഡിറ്റ് കുടിശ്ശികയുള്ള കമ്പനികളെ പ്രത്യേകം അവലോകനം ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിവരുന്നു. ലാഭനഷ്ട കണക്കുകളുടെ നിജസ്ഥിതി അറിയുന്നതിനും, ബാങ്കുകളിൽനിന്നും മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽനിന്നും ധനസഹായം ലഭ്യമാകുന്നതിനും മത്സരാധിഷ്ഠിത ടെണ്ടറുകളിൽ പങ്കെടുക്കുന്നതിനും കണക്കുകൾ പൂർത്തീകരിക്കണമെന്ന നിബന്ധനകൾ പാലിക്കേണ്ട സാഹചര്യം ഉള്ളതിനാലാണ് സർക്കാർ മുന്തിയ പരിഗണന നൽകി ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നത്.

(സി) പൊതുമേഖലാ സ്ഥാപനങ്ങളിൽ ഇന്റേണൽ ആഡിറ്റിംഗ് ശക്തമാക്കി. ഇതിനായി ആഡിറ്റേഴ്സിന്റെ ഒരു പാനൽ തയ്യാറാക്കി ഇതിൽനിന്നും ആഡിറ്ററെ നിയമിക്കാനുള്ള നിർദ്ദേശം എല്ലാ കമ്പനികൾക്കും നൽകിയിട്ടുണ്ട്. സ്ഥാപനങ്ങളുടെ ധനകാര്യ വിഭാഗത്തിൽ ആ മേഖലയിൽ വൈദഗ്ദ്ധ്യമുള്ളവരുടെ സേവനം ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്. ബോർഡ് തലത്തിൽ ആഡിറ്റ് കമ്മിറ്റി രൂപീകരിച്ച് കൃത്യമായ നിരീക്ഷണ വിലയിരുത്തൽ നടത്തിവരുന്നു. സ്ഥാപനങ്ങളുടെ ആഡിറ്റ് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന്റെ പുരോഗതി RIAB-മുഖേന അവലോകനം ചെയ്യുവരുന്നുണ്ട്. കൂടാതെ സർക്കാർതലത്തിലും ആഡിറ്റുകളുടെ പൂർത്തീകരണം സംബന്ധിച്ച പ്രത്യേക അവലോകനം നടത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകിവരുന്നു. സ്ഥാപനങ്ങളുടെ ഇന്റേണൽ ആഡിറ്റ് റിപ്പോർട്ടിന്റെ വിശദമായ അവലോകനവും നടത്തിവരുന്നു. ഇതുകൂടാതെ അക്കൗണ്ടന്റ് ജനറലിന്റെ ഓഫീസിൽ നിന്നുള്ള ആഡിറ്റ് സംവിധാനവും നിലവിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly